(ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എയിഡഡ് കോളേജുകളിൽ 103 അദ്ധ്യാപകരെ പുതിയതായി നിയമിച്ചിട്ടുണ്ട്. സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ അദ്ധ്യാപക നിയമനം നടത്തുന്നത് ബന്ധപ്പെട്ട മാനേജുമെന്റുകളാണ്.

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് എയിഡഡ് കോളേജുകളിൽ ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേറ്റ് എന്നീ കോഴ്സുകളിൽ കൂടുതലായി സീറ്റുകൾ അനുവദിച്ചിട്ടില്ല. സർവകലാശാലാ തലത്തിലുള്ള വിവരം ശേഖരിച്ചുവരുന്നു.

സർവ്വകലാശാലകളിൽ ഉയർന്ന കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടി

15 [312] ശ്രീ. വി. ഡി. സതീശൻ:

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഏതെല്ലാം സർവ്വകലാശാലകൾക്ക് +2 കോഴ്സിന് ശേഷമുള്ള പഞ്ചവത്സര എം. എസ്. സി. കോഴ്സുകളും ഡിഗ്രിക്ക് ശേഷമുള്ള പഞ്ചവത്സര എം. എസ്. സി. പി. എച്ച്. ഡി. കോഴ്സുകളും നടത്താൻ കേന്ദ്ര ഗവൺമെന്റിന് പരിപാടിയുണ്ട്;

(ബി) ഇത്തരം കോഴ്സുകൾ തുടങ്ങാൻ സംസ്ഥാനത്ത് ഏതെല്ലാം സർവ്വകലാശാലകൾക്ക് സംവിധാനം ഉണ്ട്;

(സി) ഏതെല്ലാം വിഷയങ്ങളിലാണ് ഈ കോഴ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഈ കോഴ്സുകൾ അഫിലിയേറ്റഡ് കോളേജുകളിൽ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുതൽ (സി) വിവരം ശേഖരിച്ചുവരുന്നു.

എഡ്യൂസാറ്റ് വിദ്യാഭ്യാസ പദ്ധതി

16 [313] ശ്രീ. തോമസ് ചാഴികാടൻ:

,, കെ. നാരായണ കുറുപ്പ്:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ൽ ആരംഭിച്ച എഡ്യൂസാറ്റ് വഴിയുള്ള വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം പ്രദേശത്താണ് നടപ്പാക്കുന്നത്;

(ബി) ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി പൂർണ്ണമായ രീതിയിൽ സംസ്ഥാനത്തിന് പ്രയോജനപ്പെടും വിധം നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലെയും സ്കൂളുകളെ ഉൾക്കൊള്ളിച്ചു കൊണ്ടാണ് നടപ്പിലാക്കുന്നത്. വിദൂര പ്രദേശങ്ങളിലുള്ള സ്കൂളുകൾക്കാണ് മുൻഗണന.

(ബി) & (സി) സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ ഉന്നതനിലവാരത്തിലുള്ള വിദ്യാഭ്യാസ പരിപാടികൾ ലഭ്യമാക്കുക എന്നതാണ് എഡ്യൂസാറ്റ് വഴിയുള്ള വിദ്യാഭ്യാസ പരിപാടിയായ ViCTERS (Virtual Class room Technology on EDUSAT for Rural Schools)-ലൂടെ ലക്ഷ്യമിടുന്നത്. ഈ പരിപാടികൾ രണ്ടു തരം ടെർമിനലുകളിലൂടെയാണ് ലഭ്യമാക്കുന്നത്. 1. Satellite Interactive Terminal (SIT). 2. Receive Only Terminal (ROT). 2005-ജൂലൈ മുതൽ ഇന്റീറാക്ടീവ് ടെർമിനൽ വഴി എല്ലാ ജില്ലകളിലുമുള്ള എഡ്യൂസാറ്റ് ട്രെയിനിംഗ് സെന്ററുകളിൽ പരിശീലന പരിപാടികൾ നടന്നു വരുന്നു. കൈറ്റ്(കൈറ്റിന്റെയും-കേന്ദ്ര സർക്കാർ സ്ഥാപനമായ ബി. ഇ. എൽ.-ന്റെയും നേതൃത്വത്തിൽ 182 ഗവൺമെന്റ് ഹൈസ്കൂളുകളിൽ Receive Only Terminal-ലുകളും, ടെലിവിഷനുകളും സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. 824 ഗവൺമെന്റ് ഹൈസ്കൂളുകളിൽ ROT മാത്രം സ്ഥാപിക്കാനും അനുമതി നൽകിയിട്ടുണ്ട്. ടി. വി. ആവശ്യമായ സ്കൂളുകൾക്ക് അവ വാങ്ങി നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും MP, MLA-മാരുടേയും വികസന ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ ബാക്കിയുള്ള സ്കൂളുകളിൽ വരുന്ന അദ്ധ്യായന വർഷത്തിനുള്ളിൽ എഡ്യൂസാറ്റ് ടെർമിനലുകളും, ടി. വി.-യും സ്ഥാപിച്ച് എഡ്യൂസാറ്റിന്റെ സേവനം മുഴുവൻ സ്കൂളുകളിലേക്കും വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

സ്കൂളുകൾ വിദ്യാർത്ഥികൾക്ക് മുട്ട വിതരണം നടത്തുന്ന പദ്ധതി

17 [34] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ. പി., യു. പി., ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ദിവസേന മുട്ട നൽകുന്നതിനുള്ള പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; ഈ പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി എന്നുമുതലാണ് നടപ്പിലാക്കിയത്; ഇതുവരെയായി എത്ര വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(സി) ഓണം, ക്രിസ്തുമസ്, റംസാൻ എന്നീ വിശേഷ അവസരങ്ങളിൽ കുട്ടികൾക്ക് 5 കി. ഗ്രാം അരി നൽകുന്ന പദ്ധതി സർക്കാർ ഉപേക്ഷിച്ചിട്ടുണ്ടോ;

(ഡി) 2005-06 അദ്ധ്യയന വർഷത്തിൽ ഈ പദ്ധതി ഏതൊക്കെ സന്ദർഭങ്ങളിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly